"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ്- ചാമ്പ്യൻസ് ബോട്ട് ലീഗ് 2025 -ഭരണാനുമതി പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.63/2026/TSM തീയതി,തിരുവനന്തപുരം, 23-01-2026

---

പരാമർശം:-
1. **05.05.2025** തീയതിയിലെ സ.ഉ.(സാധാ) നം.**245/2025/TSM**
2. **07.11.2025** തീയതിയിലെ സ.ഉ(സാധാ).നം. **9080/2025/Fin**
3. **10.11.2025** തീയതിയിലെ സ.ഉ.(സാധാ) നം.**697/2025/TSM**
4. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ **03.12.2025** തീയതിയിലെ **DOT/2310//2025-P9** നം കത്ത്.
5. **09.01.2026** തീയതിയിലെ സ.ഉ(സാധാ).നം. **250/2026/Fin**

**ഉത്തരവ്**

**2025** വർഷത്തെ ചാമ്പ്യൻസ് ബോട്ട് ലീഗ് നടത്തിപ്പിനായി പരാമർശം**(1)** ഉത്തരവ് പ്രകാരം **₹8,96,00,000/-** രൂപ **3452-80-800-20- Boat Race on League Basis(Plan)** എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ച് ഉത്തരവായിരുന്നു.

**2.** വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ അഭ്യർത്ഥന പ്രകാരം **2025 CBL** നടത്തിപ്പിന് അധിക തുക ആവശ്യമാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് **CBL 2025** ന്റെ സുഗമമായ നടത്തിപ്പിനായി **446** ലക്ഷം രൂപ **3452-80-800-90 Incentives for creation of Infrastructure facilities & Tourism Products in Private Sector** എന്ന ശീർഷകത്തിൽ നിന്നം **3452-80-800-20- Boat Race on League Basis (Plan)** എന്ന ശീർഷകത്തിലേക്ക് ധന പുനർ വിനിയോഗം ചെയ്ത് പരാമർശം **(2)** ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതുപ്രകാരം **2025 CBL** നടത്തിപ്പിനായി **3452-80-800-20-Boat Race on League Basis (Plan)** ശീർഷകത്തിൽ **8,96,00,000/-** രൂപ നൽകിയ ഭരണാനുമതി **10** കോടി രൂപയാക്കി ഭേദഗതി ചെയ്ത് പരാമർശം **(3)** ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

**3.** തുടർന്ന് **2025** വർഷത്തെ സിബിഎൽ മത്സരങ്ങളിൽ മറൈൻഡ്രൈവിലെ വള്ളംകളി മത്സരം നടത്തുന്നതിന് ഡ്രെഡ്ജിംഗ് പ്രവർത്തനങ്ങൾ ഉൾപ്പെടെ

ഏറ്റവും കുറഞ്ഞത് 1 കോടി രൂപ അധികമായി ആവശ്യമുണ്ടെന്നും മേൽ തുക ധനപുനർ വിനിയോഗം വഴി അനുവദിക്കുകയോ അല്ലാത്തപക്ഷം കൊല്ലം പ്രസിഡന്റ്സ് ട്രോഫി മത്സരം നടത്തി ഈ വർഷത്തെ സിബിഎൽ മത്സരങ്ങൾ അവസാനിപ്പിക്കുന്നതിനുള്ള അനുവാദം ലഭ്യമാക്കുകയോ ചെയ്യണമെന്ന് ആവശ്യപ്പെട്ട് പരാമർശം (4) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ അപേക്ഷ സമർപ്പിച്ചിരുന്നു.

4. അതുപ്രകാരം കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് വേദികളുടെ എണ്ണം വർദ്ധിച്ചതിനാൽ **3452-80-800-20- Boat Race on League Basis (Plan)** ശീർഷകത്തിൽ , 75 ലക്ഷം രൂപയുടെ അധിക ധനാനുമതി നൽകിക്കൊണ്ട് പരാമർശം (5) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

5. മേൽ സാഹചര്യത്തിൽ **2025 CBL** നടത്തിപ്പിനായി **3452-80-800-20-Boat Race on League Basis (Plan)** ശീർഷകത്തിൽ നിന്നും, പരാമർശം(3) പ്രകാരം 10 കോടി രൂപക്കു നൽകിയ ഭരണാനുമതി , **10,75,00,000/-(പത്ത് കോടി എഴുപത്തി അഞ്ച് ലക്ഷം)** രൂപയാക്കി പരിഷ്ക്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് 1 / ഓഡിറ്റ് II ) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
വിനോദസഞ്ചാര(എ) വകുപ്പ്
സബ് ട്രഷറി ഓഫിസർ, വെള്ളയമ്പലം സബ് ട്രഷറി, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിനു)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Archana T
Date: 23-01-2026 16:04:44
സെക്ഷൻ ഓഫീസർ

പകർപ്പ്:
1.ബഹു.വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2.വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ സി.എയ്ക്ക്
3.വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്